(ബി) ഇക്കാര്യത്തിൽ സമഗ്രമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സഹകരണ വിജിലൻസിന് അവർ കണ്ടെത്തുന്ന ക്രമക്കേടുകളിൽ ക്രിമിനൽ നടപടി സ്വീകരിക്കാനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പുവരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമഭേദഗതി പരിഗണനയിലാണ്.

ഓഡിറ്റ് സമയബന്ധിതമാക്കാൻ നടപടി

235(5394) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സഹകരണ നിയമത്തിൽ നിഷ്കർഷിക്കുന്ന സമയത്ത് ഓഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻകൂർ വാർഷിക പ്രോഗ്രാം തയ്യാറാക്കി ആയതനുസരിച്ച് ഓഡിറ്റ് പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഓഡിറ്റ് പുരോഗതി സംസ്ഥാന/ജില്ലാ/സർക്കിൾ തലത്തിൽ പ്രതിമാസം അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിവിധ കാരണങ്ങളാൽ കോടതിയിലോ പോലീസിലോ റിക്കാർഡുകൾ സൂക്ഷിച്ചതുകൊണ്ടും കണക്കെഴുതി പൂർത്തിയാക്കുന്നതിൽ കാലതാമസമുള്ളതുകൊണ്ടും സോഫ്റ്റ്വെയറിൽ കൃത്രിമം കാണിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ഓഡിറ്റ് ഒഴികെ മറ്റ് ഓഡിറ്റുകൾ അനുവദനീയമായ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ന്യൂനതകൾ കണ്ടെത്തിയാൽ അത് പരിശോധിക്കാനും തുടർനടപടികൾ സ്വീകരിക്കാനും ഓഡിറ്റ് കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്താനും നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; ഇതിനായി നടപടി സ്വീകരിക്കുമോ?

ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly